ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തികൾ

40 (265) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പിന് കീഴിൽ ഏതെല്ലാം പ്രവൃത്തികൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ മൈനർ ഇറിഗേഷനിൽ എത്ര പ്രവൃത്തികൾ നടത്തിയിട്ടുണ്ട് ; മേജർ ഇറിഗേഷനിൽ എത്ര പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) അനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പ്രവൃത്തികൾ തുടങ്ങാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കും എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും നിർമ്മാണജോലികൾ ആരംഭിക്കാത്ത പ്രവൃത്തികൾ ആരംഭിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(ജി) നിർമ്മാണപ്രവൃത്തികൾ തുടങ്ങുന്നതിനായി സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം ;

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിലെ എത്ര തുകയുടെ നിർമ്മാണജോലികൾ പൂർത്തിയായിട്ടുണ്ട് ;

(ഐ) എത്ര രൂപയുടെ നിർമ്മാണ ജോലികൾ തുടങ്ങുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട് ; വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടന്നിട്ടുണ്ട്.

മൈനർ ഇറിഗേഷൻ വിഭാഗം

1. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ തച്ചംപടി തോടിന്റെ സംരക്ഷണ പണികൾ.
2. ടി മുനിസിപ്പാലിറ്റിയിൽ സെബാസ്റ്റ്യൻ സ്കൂളിന് സമീപം മടതുതോടിന്റെ സംരക്ഷണ പണികൾ.
3. ടി ചുങ്കം വാർഡിൽ കണ്ടകപ്പള്ളി തോടിന്റെ അറ്റകുറ്റപ്പണികൾ.

LIBRARY ARCHIVES Kerala Legislative Assembly

4. തിരുമലയിൽ ഏക്കർ സ്റ്റേഷന് സമീപം ഒരു നടപ്പാലത്തിന്റെ പുനരുദ്ധാരണം.
5. ടി. തത്തംപള്ളി വാർഡിൽ കർത്താശ്ശേരി ജംഗ്ഷനിൽനിന്നും കിഴക്കോട്ട് ഒരു ഓട നിർമ്മാണം.
6. ടി തത്തംപള്ളി തോടിന്റെ തെക്കുവശം സംരക്ഷണ പണികൾ.

മേജർ ഇറിഗേഷൻ വിഭാഗം

1. ആലപ്പുഴ നഗരത്തിലെ വടക്കൻ വാർഡിൽ 11 റീച്ചുകളിലായി 500 മീ. കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ (11 പണികൾ)
2. തോട്ടാതോടിന്റെ 300 മീ. തീരം സംരക്ഷണപണികൾ.
3. ആലപ്പുഴ നഗരത്തിന്റെ കിഴക്കുഭാഗത്തായി ഒരു ബോട്ട് ജെട്ടിയുടേയും ബസ്സ്റ്റാൻഡ് ജെട്ടിയുടേയും നിർമ്മാണം.
4. വാട്ടർ ട്രാൻസ്പോർട്ട് വക ഡീസൽ പമ്പിനോട് അനുബന്ധിച്ചുള്ള അറ്റകുറ്റപ്പണികൾ.
5. ആലപ്പുഴ-അമ്പലപ്പുഴ തോടിന്റെ മുക്കവലയിൽ 400 മീ. നീളത്തിൽ സംരക്ഷണ പണികൾ.
6. നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന പുന്നമടക്കായലിലെ സ്റ്റാർട്ടിംഗ് പോയിന്റിലും ഫിനിഷിംഗ് പോയിന്റിലും സംരക്ഷണ പണികൾ.
7. ആലപ്പുഴ നഗരത്തിലെ വലിയകുളം പള്ളിയുടെ പിൻവശത്തുള്ള തോടിന്റെ തീരം ത്രിവേണി ജംഗ്ഷൻ മുതൽ തെക്കോട്ട് 270 മീ. നീളത്തിൽ സംരക്ഷണ പണികൾ.

(ബി) മൈനർ ഇറിഗേഷനിൽ ആകെ 6 പ്രവൃത്തികളും മേജർ ഇറിഗേഷനിൽ 17 പ്രവൃത്തികളും നടത്തിയിട്ടുണ്ട്.

(സി) അനുമതി ലഭിച്ചിട്ടും നിർമ്മാണപ്രവർത്തനം ആരംഭിക്കാത്ത മൈനർ ഇറിഗേഷൻ പ്രവൃത്തികൾ ഇല്ല. എന്നാൽ മേജർ ഇറിഗേഷൻ വിഭാഗത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു.

1. ആലപ്പുഴ ബീച്ച് വാർഡിൽ ജില്ലാ ആശുപത്രിക്ക് പടിഞ്ഞാറുവശം 250 മീറ്റർ നീളം കടൽഭിത്തി കെട്ടുന്നതിന് ഭരണാനുമതി ലഭിച്ചെങ്കിലും 100 മീറ്റർ നീളത്തിന്റെ നിർമ്മാണം മാത്രമാണ് പൂർത്തിയായത്.
2. വാടയ്ക്കൽ ഭാഗത്ത് 5 റീച്ചുകളിലായി 210 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്കുള്ള പ്രവൃത്തികൾ കോടതിയിൽ കേസ് നിലവിലുള്ളതിനാൽ തുടങ്ങിയിട്ടില്ല.

(ഡി) ആലപ്പുഴ ബീച്ചിലുള്ള സ്ഥലം തുറമുഖവകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ അനുമതി ലഭിച്ച 250 മീറ്ററിൽ 100 മീറ്റർ കടൽഭിത്തി നിർമ്മിക്കുന്നതിന് മാത്രമേ സാധിച്ചിട്ടുള്ളൂ. വാടയ്ക്കൽ ഭാഗത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് പണി തുടങ്ങിയിട്ടില്ലാത്ത കരാറുകാരുടെ പേരിൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തുറമുഖ വകുപ്പിൽനിന്നും ആവശ്യമായ അനുമതി ലഭ്യമാവുകയും പണി തുടങ്ങിയിട്ടില്ലാത്ത കരാറുകാരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാവുകയും ചെയ്യുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

(എഫ്) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ഏറ്റെടുത്ത് നടപ്പാക്കാത്ത പ്രവൃത്തികൾ ഇല്ല.

(ജി) ആലപ്പുഴ തുമ്പോളിയിൽ ചെയിനേജ് 23.8 കിലോമീറ്ററിനും 25.00 കിലോമീറ്ററിനും ഇടയിൽ 900 മീറ്റർ നീളത്തിൽ 194 ലക്ഷം രൂപ ചെലവ് വരുന്ന കടൽഭിത്തി നിർമ്മാണം നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ 123.53 ലക്ഷം രൂപയുടെ നിർമ്മാണജോലികൾ പൂർത്തിയായിട്ടുണ്ട്.

(ഐ) 78 ലക്ഷം രൂപ അടങ്കൽ തുകയുടെ 11 ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

പൂർത്തിയാക്കാനുള്ള ജലസേചന പദ്ധതികൾ

41 (266) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ പൂർത്തിയാകാനുള്ള ജലസേചന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവ എന്നത്തേക്ക് പൂർത്തിയാകും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പര്യവേഷണത്തിൽ ഇരിക്കുന്ന വൻകിട ജലസേചന പദ്ധതിയായ ചാലിയാർ ജലസേചന പദ്ധതി മാത്രമേ മഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്നുള്ളൂ.

(ബി) ചാലിയാർ പദ്ധതിയുടെ പണി തുടങ്ങിയാൽ ആറു വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കുവാൻ കഴിയും.

വാട്ടർ സപ്ലൈ സ്കീം പൂർത്തീകരിക്കുവാൻ നടപടി

42 (267) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1993-ൽ ആരംഭിച്ച വർക്കല ടർബൻ വാട്ടർ സപ്ലൈ സ്കീം ഇതേവരെ പൂർത്തിയാക്കിയിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly